ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 29.11.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1) തമിഴ്നാട് സന്ദർശനം തുടരുന്ന രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് നീലഗിരിയിൽ ഗോത്ര സമൂഹവുമായി സംവദിക്കും.

**President Droupadi Murmu to Interact with Tribal Communities in Nilgiris Today During Tamil Nadu Visit.**

2) പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഒഡിഷയിലെ ഭുവനേശ്വറിൽ, പോലീസ് മേധാവിമാരുടെ സമ്മേളനത്തെ അഭിസംബോധന ചെയ്യും.

**Prime Minister Narendra Modi to Address All-India Director Generals and Inspector Generals of Police Conference in Bhubaneswar, Odisha Today.**

3) ന്യൂനപക്ഷങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ ബംഗ്ലാദേശിനോട് ആവശ്യപ്പെട്ട് ഇന്ത്യ.

**India calls upon Bangladesh to ensure safety and security of all minorities and their places of worship.**

4) കേരളത്തിൽ, മുനമ്പം വഖഫ് ഭൂമിയിലെ ശരിയായ താമസക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കാൻ നടപടികൾ ശുപാർശ ചെയ്യാൻ ജുഡീഷ്യൽ കമ്മീഷനോട് ആവശ്യപ്പെട്ട് സംസ്ഥാന സർക്കാർ.

**Kerala Government asks Judicial Commission to recommend measures to protect rights of legitimate occupants of Munambam Waqf Land.**

5) 55-ാമത് ഇന്ത്യ അന്താരാഷ്ട്ര ചലച്ചിത്രമേളയ്ക്ക് സമാപനം ; സുവർണ്ണ മയൂരം സ്വന്തമാക്കി ലിത്വാനിയൻ ചിത്രം ടോക്സിക്ക് ; റൊമാനിയൻ സംവിധായകൻ ബോഗ്ദാൻ മുറേസാനുവിന് രജത മയൂരം.

**55th International Film Festival of India Concludes; Lithuanian Film 'Toxic' Wins Golden Peacock; Romanian Director Bogdan Muresanu Receives Silver Peacock.**

6) ന്യൂനമർദ്ദത്തിന്റെ പ്രഭാവത്താൽ തമിഴ്നാട്, പുതുച്ചേരി, തെക്കൻ ആന്ധ്രാപ്രദേശ് തുടങ്ങിയ ഇടങ്ങളിൽ ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് ; തിങ്കളാഴ്ച വരെ മത്സ്യ ബന്ധനത്തിന് വിലക്ക്.

**Heavy Rain to Continue in Tamil Nadu, Puducherry, and South Andhra Pradesh due to impact of Depression, Says IMD; Fishermen are advised not to venture into the sea until Monday.**

**************************************

## PRESIDENT – NILGIRIS.. INTRO

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ തമിഴ്നാട് സന്ദർശനം തുടരുന്നു. രാഷ്ട്രപതി ഇന്ന് ആദിവാസി വനിതാ സ്വയം സഹായ സംഘങ്ങളിലെ അംഗങ്ങളുമായും നീലഗിരി ജില്ലയിലെ ഗോത്ര സമൂഹവുമായും സംവദിക്കും. നാളെ തിരുവാരൂരിൽ നടക്കുന്ന തമിഴ്നാട് കേന്ദ്രസർവകലാശാലയുടെ ബിരുദദാന ച്ചടങ്ങിനെ ശ്രീമതി മുർമു അഭിസംബോധന ചെയ്യും. ഇന്നലെ ഊട്ടിയിലെ വെല്ലിംഗ്ടൺ പ്രതിരോധ സേനാ സ്റ്റാഫ് ട്രെയിനിംഗ് കോളേജിൽ സംഘടിപ്പിച്ച പരിപാടിയിൽ രാഷ്ട്രപതി മുഖ്യ പ്രഭാഷണം നടത്തി. ഇന്ത്യയുടെ പ്രതിരോധ സേനയിൽ എല്ലാ മേഖലകളിലും ശക്തമായ വനിതാ സാന്നിധ്യം ഉണ്ടെന്നതിൽ അഭിമാനമുണ്ടെന്ന് അവർ പറഞ്ഞു.

( വോയിസ്)

**************************************

## PM – ODISHA VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദി മൂന്നു ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ഒഡിഷയിലെത്തും. ഭുവനേശ്വറിൽ നടക്കുന്ന ഡയറക്ടർ ജനറൽ ഓഫ് പോലീസ്, ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് അഖിലേന്ത്യാ കോൺഫറൻസിൽ പ്രധാനമന്ത്രി പങ്കെടുക്കും. സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും DGP മാർ, CRPF, റോ, NSG, ഇന്റലിജൻസ് ബ്യൂറോ, SPG മേധാവികൾ തുടങ്ങിയവർ പങ്കെടുക്കും. ആഭ്യന്തര

സുരക്ഷ, സൈബർ കുറ്റകൃത്യങ്ങൾ, മാവോയിസ്റ്റ് ഭീഷണി, നിർമിതബുദ്ധി ഉയർത്തുന്ന വെല്ലുവിളികൾ, തുടങ്ങിയവ സമ്മേളനം ചർച്ച ചെയ്യും. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ, ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ എന്നിവരും പങ്കെടുക്കുന്നുണ്ട്.

*************************************************

## PARLIAMENT ADJ

ശീതകാല സമ്മേളനത്തിനിടെ ഇന്നലെയും പാർലമെന്റ് പ്രക്ഷുബ്ധമായി. ഒരു പ്രമുഖ വ്യവസായ ഗ്രൂപ്പിനെതിരായ കൈക്കൂലി ആരോപണം സംഭാൽ സംഭവം, എന്നിവ ഉയർത്തിയാണ് പ്രതിപക്ഷ പാർട്ടികൾ ഇരു സഭകളിലും പ്രതിഷേധം ഉയർത്തിയത്. പ്രതിപക്ഷ ബഹളം രൂക്ഷമായതോടെ ഇരുസഭകളും പിരിയുകയായിരുന്നു. സമ്മേളനം ഇന്നും തുടരും.

*************************************************

## RS- JAISHNKAR UNSC

യുഎൻ സുരക്ഷാ സമിതിയുടെ വിപുലീകരണത്തിനും സ്ഥിരാംഗത്വം നേടുന്നതിന് അംഗരാജ്യങ്ങളുടെ പിന്തുണനേടാനും ഇന്ത്യ ശ്രമിക്കുകയാണെന്ന് വിദേശകാര്യ മന്ത്രിഎസ് ജയശങ്കർ രാജ്യസഭയിൽ അറിയിച്ചു. സുരക്ഷാ കൗൺസിൽ പരിഷ്കാരങ്ങൾ സംബന്ധിച്ച് ഉഭയകക്ഷി-ബഹുരാഷ്ട്ര തലത്തിൽ നടന്നു കൊണ്ടിരിക്കുന്ന ചർച്ചകളിൽ ഇന്ത്യ സജീവമായി ഇടപെടുന്നതായും അദ്ദേഹം പറഞ്ഞു.

*************************************************

## RS- INDIA CANADA - BANGLADESH

ഹിന്ദുവിഭാഗങ്ങളുടെയും ന്യൂനപക്ഷങ്ങളുടെയും സുരക്ഷ ഉറപ്പാക്കാൻ ഇന്ത്യ ബംഗ്ലാദേശ് സർക്കാരിനോട് ആവശ്യപ്പെട്ടതായി വിദേശകാര്യ സഹമന്ത്രി കീർത്തി വർധൻ സിംഗ് രാജ്യസഭയെ രേഖാമൂലം അറിയിച്ചു. എല്ലാ പൗരന്മാരുടെയും

ജീവനും സ്വാതന്ത്ര്യവും സംരക്ഷിക്കുന്നതിൻ്റെ പ്രാഥമിക ഉത്തരവാദിത്തം ബംഗ്ലാദേശ് സർക്കാരിനാണെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യയും കാനഡയും തമ്മിലുള്ള ഉഭയകക്ഷി ബന്ധത്തിലെ പ്രശ്നങ്ങൾ സംബന്ധിച്ച് ചർച്ച തുടരുകയാണെന്നും, ഇരു രാജ്യങ്ങളുടെയും ആശങ്കകൾക്ക് പരിഹാരം കാണുമെന്നും ശ്രീ സിംഗ് അറിയിച്ചു.

***********************************

## AMIT SHAH - TERRORISM

കഴിഞ്ഞ 10 വർഷത്തിനിടയിൽ രാജ്യത്ത് തീവ്രവാദം, കലാപം, മയക്കുമരുന്ന് എന്നിവ തടയാൻ കേന്ദ്ര സർക്കാരിന്റെ ഉറച്ച നയങ്ങളിലൂടെ കഴിഞ്ഞതായി കേന്ദ്ര മന്ത്രി അമിത് ഷാ. മസൂറിയിലെ ലാൽ ബഹദൂർ ശാസ്ത്രി നാഷണൽ അക്കാദമി ഓഫ് അഡ്മിനിസ്ട്രേഷനിൽ നടന്ന പരിപാടിയിൽ സംസാരിക്കുക യായിരുന്നു അദ്ദേഹം. 2026 മാർച്ച് 31-നകം രാജ്യത്ത് നിന്ന് തീവ്രവാദം പൂർണമായും ഉന്മൂലനം ചെയ്യപ്പെടുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

***********************************

## KANNUR DEFENCE

അഖില ഭാരതീയ പൂർവ്വ സൈനിക സേവ പരിഷത്തിൻറെ വാർഷിക ജനറൽ ബോഡി യോഗം ഇന്ന് കണ്ണൂരിൽ ആരംഭിക്കും. നാളെ ഉച്ചയ്ക്ക് നടക്കുന്ന ചടങ്ങിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ മുഖ്യാതിഥിയാവും. ഞായറാഴ്ച രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് സമ്മേളനത്തെ അഭിസംബോധന ചെയ്യും.

***********************************

## PRIYANKA VISIT

ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും വയനാട് എം.പി. പ്രിയങ്ക ഗാന്ധിയും നാളെ വയനാട് ലോക്സഭ മണ്ഡലത്തിലെത്തും. തിരുവമ്പാടി നിയോജക മണ്ഡലത്തിൽ ഉച്ചയ്ക്ക് നടക്കുന്ന

പൊതുസമ്മേളത്തിൽ ഇരുവരും പങ്കെടുക്കും. തുടർന്ന് കരുളായി, വണ്ടൂർ, എടവണ്ണ എന്നിവിടങ്ങളിലും പ്രിയങ്ക ഗാന്ധിക്ക് സ്വീകരണം നൽകും. ഞായറാഴ്ച മാനന്തവാടിയിലും സുൽത്താൻ ബത്തേരിയിലും, കല്പറ്റയിലും പ്രിയങ്ക സ്വീകരണ പരിപാടികളിൽ പങ്കെടുക്കും.

**********************************

## MUNAMBAM – NOTIFICATION

മുനമ്പം വഖഫ് ഭൂമി പ്രശ്നം പഠിക്കാനും സർക്കാർ സ്വീകരിക്കേണ്ട നടപടികൾ ശുപാർശ ചെയ്യുന്നതിനും ജുഡീഷ്യൽ കമ്മീഷനെ നിയമിച്ചുള്ള വിജ്ഞാപനം സംസ്ഥാന സർക്കാർ പുറത്തിറക്കി. വസ്തുവിൻറെ നിലവിലെ കിടപ്പ്, സ്വഭാവം, വ്യാപ്തി എന്നിവയും, ഭൂമിയിലെ ശരിയായ താമസക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കാൻ സർക്കാർ തലത്തിൽ സ്വീകരിക്കേണ്ട നടപടികളും കമ്മീഷന്റെ പരിഗണനാ വിഷയത്തിൽ ഉൾപ്പെടുന്നു. ഹൈക്കോടതി മുൻ ആക്ടിങ് ചീഫ് ജസ്റ്റിസ് സി. എൻ. രാമചന്ദ്രൻ നായരുടെ നേതൃത്വത്തിലുള്ള കമ്മീഷനോട് മൂന്ന് മാസത്തിനകം റിപ്പോർട്ട് നൽകാനാണ് നിർദ്ദേശിച്ചിരിക്കുന്നത്.

**********************************

## SHAH– SHINDE MEET

മഹാരാഷ്ട്ര കാവൽ മുഖ്യമന്ത്രിയും ശിവസേന നേതാവുമായ ഏകനാഥ് ഷിൻഡെ, ബി.ജെ.പി നേതാവ് ദേവേന്ദ്ര ഫഡ്നാവിസ്, എൻ.സി.പി അധ്യക്ഷൻ അജിത് പവാർ എന്നിവർ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായുമായി ഇന്നലെ ഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. സംസ്ഥാനത്തെ സർക്കാർ രൂപീകരണത്തെക്കുറിച്ച് നേതാക്കൾ ചർച്ച ചെയ്തു. കേന്ദ്രമന്ത്രിയും ബിജെപി അധ്യക്ഷനുമായ ജെ.പി നഡ്ഡയും യോഗത്തിൽ പങ്കെടുത്തു. മുഖ്യമന്ത്രി പദവി സംബന്ധിച്ച് ബിജെപി കേന്ദ്ര നേതൃത്വത്തിന്റെ തീരുമാനം അംഗീകരിക്കുമെന്ന് ഏകനാഥ് ഷിൻഡെ നേരത്തെ വ്യക്തമാക്കിയിരുന്നു.

*****************************************

## MANIPUR-CLASSES RESUME

മണിപ്പൂരിൽ സംഘർഷത്തെ തുടർന്ന് അടച്ചിട്ടിരുന്ന എല്ലാ സ്കൂളുകളും കോളേജുകളും ഇന്ന് മുതൽ പ്രവർത്തനം പുനരാരംഭിക്കും. ജിരിബാം ജില്ലയിൽ ആയുധധാരികൾ ആറുപേരെ കൊലപ്പെടുത്തിയ സംഭവത്തിൽ പ്രതിഷേധം വ്യാപകമായതിനെ തുടർന്നാണ് ഈ മാസം 16 മുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടച്ചത്. അതേസമയം, മണിപ്പൂരിലെ ഏതാനും ജില്ലകളിൽ ഇന്റർനെറ്റ് നിരോധനം നിലവിലുണ്ട്, ചില ജില്ലകളിലെ കർഫ്യൂവിൽ ഇളവ് നൽകിയിട്ടുണ്ട്.

*****************************************

## UP - INQUIRY

ഉത്തർപ്രദേശിലെ സംഭാലിൽ ഉണ്ടായ അക്രമ സംഭവങ്ങളിൽ ജുഡീഷ്യൽ അന്വേഷണത്തിന് ഉത്തരവിട്ട് യുപി സർക്കാർ. റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി ദേവേന്ദ്ര കുമാർ അറോറയുടെ നേതൃത്വത്തിലുള്ള മൂന്നംഗ സമിതിക്ക് അന്വേഷണത്തിന്റെ ചുമതല നൽകി. രണ്ട് മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കാനാണ് സമിതിയോട് ആവശ്യപ്പെട്ടിരിക്കുന്നത്. അതിനിടെ, സംഭാലിലെ തർക്കഭൂമിയിൽ സർവേ നടത്തണമെന്ന ജില്ലാ കോടതിയുടെ നവംബർ 19ലെ ഉത്തരവിനെ ചോദ്യം ചെയ്ത് ജുമാമസ്ജിദ് മാനേജ്മെന്റ് കമ്മിറ്റി നൽകിയ ഹർജി സുപ്രീം കോടതി ഇന്ന് പരിഗണിക്കും.

*****************************************

## IFFI

ഗോവയിൽ നടന്ന 55-ാമത് ഇന്ത്യ അന്താരാഷ്ട്ര ചലച്ചിത്രമേളയ്ക്ക് ഇന്നലെ സമാപനം. ലിത്വാനിയൻ ചിത്രം ടോക്സിക്ക് മികച്ച ചിത്രത്തിനുള്ള സുവർണ്ണ മയൂരം നേടി. റൊമാനിയൻ സംവിധായകൻ ബോഗ്ദാൻ മുറേസാനു, 'ദ **ന്യൂ ഇയർ** ദാറ്റ്

നെവർ കെയിം ' എന്ന ചിത്രത്തിലൂടെ മികച്ച സംവിധായകനുള്ള രജത മയൂരം സ്വന്തമാക്കി. പുരുഷ വനിതാ വിഭാഗങ്ങളിലായി മികച്ച അഭിനേതാക്കൾക്കുള്ള രജതമയൂരം ക്ലെമന്റ് ഫാവോ, വെസ്റ്റ മറ്റുലായിറ്റെ, ഇവ റുപകായിറ്റെ എന്നിവർക്ക് ലഭിച്ചു. ഈ മാസം 20 ന് ആരംഭിച്ച മേളയിൽ വിവിധ രാജ്യങ്ങളിൽ നിന്നായി 180-ഓളം ചിത്രങ്ങളാണ് പ്രദർശിപ്പിച്ചത്.

*************************************

## ROHIT- INDIA AUSTRALIA… INTRO

ഇന്ത്യൻ ക്രിക്കറ്റ് ടീമിന് ഓസ്ട്രേലിയൻ പാർലമെൻ്റിൽ ഔപചാരിക സ്വീകരണം നൽകി. ഓസ്ട്രേലിയൻ പ്രധാനമന്ത്രി ആന്റണി അൽബനീസിന്റെ നേതൃത്വത്തിലായിരുന്നു ചടങ്ങ്. ഓസ്ട്രേലിയയിൽ ആരംഭിച്ച ടെസ്റ്റ് പര്യടനത്തിലൂടെ ഇന്ത്യയും ഓസ്ട്രേലിയയും തമ്മിലുള്ള ബന്ധം കൂടുതൽ ദൃഢമാകുമെന്ന് ഇന്ത്യൻ ക്രിക്കറ്റ് താരം രോഹിത് ശർമ്മ പാർലമെന്റിൽ നടത്തിയ പ്രസംഗത്തിൽ പറഞ്ഞു.

(വോയിസ്)

*************************************

## HOCKEY - JUNIOR ASIA CUP

ഒമാനിലെ മസ്കറ്റിൽ നടക്കുന്ന ജൂനിയർ ഏഷ്യാ കപ്പ് പുരുഷ ഹോക്കിയിൽ നിലവിലെ ചാമ്പ്യൻമാരായ ഇന്ത്യ രണ്ടിനെതിരെ മൂന്നു ഗോളുകൾക്ക് ജപ്പാനെ പരാജയപ്പെടുത്തി. പൂൾ എയിൽ ഇന്ത്യയുടെ തുടർച്ചയായ രണ്ടാം വിജയമാണിത്. നാളെ ഇന്ത്യ - ചൈനീസ് തായ്പേയെ നേരിടും.

*************************************

## TN-CYCLONE

തെക്കൻ ബംഗാൾ ഉൾക്കടലിൽ രൂപം കൊണ്ട ന്യൂനമർദം വടക്ക് ദിശയിൽ സഞ്ചരിച്ച് നാളെ രാവിലെ മഹാബലിപുരത്തിനും

പുതുച്ചേരിക്കും ഇടയിൽ തീരം കടക്കുമെന്ന് മുന്നറിയിപ്പ്. തമിഴ്നാട്ടിലെ തീരദേശ ജില്ലകളിൽ രണ്ട് ദിവസം കൂടി ശക്തമായ മഴ തുടരും. പുതുച്ചേരി, തെക്കൻ ആന്ധ്രാപ്രദേശ്, യാനം, രായലസീമ എന്നിവിടങ്ങളിലും കനത്ത മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. തിങ്കളാഴ്ച വരെ വരെ മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്ന് നിർദേശമുണ്ട്. കാറ്റിലും മഴയിലും തിരുവാരൂരിലെ ചില പ്രദേശങ്ങളിൽ കൃഷിനാശമുണ്ടായി. അടിയന്തര സാഹചര്യങ്ങൾ നേരിടാൻ എൻഡിആർഎഫ്, എസ്ഡിആർഎഫ്, കോസ്റ്റ് ഗാർഡ് സംഘങ്ങളെ വിന്യസിച്ചിട്ടുണ്ട്.

**************************************************************************************************************